"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നൈപുണ്യ വികസന മേഖലയിൽ അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ എന്ന ഏജൻസിക്ക് അക്രെഡിറ്റേഷൻ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.457/2022/LSGD തീയതി,തിരുവനന്തപുരം, 24-02-2022

---

പരാമർശം:-

1. 30.03.2013 ലെ സ.ഉ. (എം.എസ്.) നം. 133/2013/തസ്വഭവ.
2. അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.03.2021, 15.01.2022 തീയതികളിലെ അപേക്ഷകൾ.
3. കില ഡയറക്ടർ ജനറലിന്റെ 26.10.2021 ലെ കില/2021/101/2503/HQ നമ്പർ പരിശോധന റിപ്പോർട്ട്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 17.11.2021 ൽ ചേർന്ന അക്രെഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ ശിപാർശ.

**ഉത്തരവ്**

മീഡിയ ആൻഡ് ഡിസൈൻ രംഗത്ത് നൈപുണ്യ വികസനം (സ്കിൽ ഡെവലപ്മെന്റ്) ലക്ഷ്യമിട്ടുള്ള കോഴ്സുകൾ നടത്തുന്ന അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ എന്ന ഏജൻസിക്ക് അവരുടെ പ്രവർത്തന മേഖലയിൽ അക്രഡിറ്റേഷൻ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. ഏജൻസി സന്ദർശിച്ച് വിഷയവിദഗ്ധർ തയ്യാറാക്കിയിട്ടുള്ള പരിശോധന റിപ്പോർട്ട് കില ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഏജൻസിക്ക് കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ICTAK അക്കാഡമിയുടെ അംഗീകാരവും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ASAP കേരളയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നും ഏജൻസിയുടെ കോഴ്സുകൾ എല്ലാം ആധുനികവും പുതിയ വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ളതാണെന്നും National Skills Qualifications Framework അടിസ്ഥാനപ്പെടുത്തി ചിട്ടപ്പെടുത്തിയതാണെന്നും വിഷയവിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

3. സ്ഥാപനത്തിന് മേഖലയിൽ പ്രവർത്തനപരിചയം കുറവാണെങ്കിലും സ്ഥാപനത്തെ നയിക്കുന്നത് തൊഴിൽ നൈപുണ്യ രംഗത്ത് 20 വർഷത്തിലേറെ പ്രവർത്തന പരിചയമുള്ള വിദഗ്ദ്ധരാണ് എന്നതിനാലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് നടത്തിയ പരിശീലനത്തിൽ 100% പ്ലേസ്മെന്റ് ഉറപ്പാക്കിയിട്ടുള്ളതിനാലും തൊഴിൽ ലഭ്യമാക്കുന്നതും നൈപുണ്യ വികസനവും സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായതിനാലും ഏജൻസിക്ക്

മീഡിയ ആൻഡ് ഡിസൈൻ രംഗത്ത് നൈപുണ്യ വികസനം (സ്കിൽ ഡെവലപ്മെന്റ്) ലക്ഷ്യമിട്ടുള്ള കോഴ്സുകൾ നടത്തുന്ന മേഖലയിൽ അക്രെഡിറ്റേഷൻ നൽകുന്നതിന് പരാമർശം (4) പ്രകാരമുള്ള അക്രഡിറ്റേഷൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ആസ്ഥാനമായതും എറണാകുളത്ത് ബ്രാഞ്ച് ഉള്ളതുമായ അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ എന്ന ഏജൻസിക്ക് മീഡിയ ആൻഡ് ഡിസൈൻ രംഗത്ത് നൈപുണ്യ വികസനം (സ്കിൽ ഡെവലപ്മെന്റ്) നൽകുന്ന മേഖലയിൽ, പരാമർശം (1) പ്രകാരമുള്ള അക്രഡിറ്റേഷൻ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിധേയമായി, 3 വർഷത്തേയ്ക്ക് അക്രഡിറ്റേഷൻ അനുവദിച്ച് ഉത്തരവാകുന്നു. ഏജൻസിയുടെ അക്രഡിറ്റേഷൻ പ്രവർത്തന വ്യാപ്തി സംസ്ഥാന തലമായി വ്യവസ്ഥ ചെയ്യുന്നു. ഏജൻസി, അവരുടെ ശേഷിക്കനുസൃതമായി മാത്രമേ പ്രവർത്തികൾ ഏറ്റെടുക്കുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ, പാലക്കാട് - 678001
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ഡയറക്ടർ ജനറൽ, കില
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ധനകാര്യ (ഡെവ.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 28-02-2022 16:37:33**

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്